ശ്രീ. പി. പി. ഉമ്മർകോയ : അതിനാവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. മുനിസിപ്പാലിറ്റി കാൺടിബ്യൂഷൻ ഡിപ്പോസിറ്റ് ചെയ്യുന്നതിനു കുറച്ചുതാമസമുണ്ടായി. അവർ ഡിപ്പോസിറ്റ് ചെയ്തു കഴിഞ്ഞു. വർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. മുനിസിപ്പാലിറ്റികൾ കോൺടിബ്യൂഷൻ കൊടുത്തുതീർക്കുന്ന വർക്കുകൾ നിറുത്തിവയ്ക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല.

ശ്രീ. ടി. കൃഷ്ണൻ : മൺറോത്തുരുത്തിൽ ഒരു പാലം കെട്ടുന്നതിന് പണം കൊള്ളിച്ചിരുന്നുവെങ്കിലും അതു് അടിയന്തിരാവസ്ഥയെ പരിഗണിച്ച് നിറുത്തിവച്ചു. അതു് ഈ കൊല്ലമെങ്കിലും കെട്ടുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു് പ്രത്യേകം ചോദിക്കണം.

ശ്രീ. എം. എ. ആൻറണി : പുതിയ വർക്കുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : കുറച്ചു തുപാ ബഡ്ജറ്റിൽ കൊള്ളിച്ച് അത്യാവശ്യമായ ചില വർക്കുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: 1957–ലും 58–ലും 59ലുമെല്ലാം തുടങ്ങിയിട്ടുള്ള വർക്കുകൾ പൂർത്തിയാക്കാൻ ഒരു പൈപോലും ചെലവുചെയ്യാതെ, പുതിയ വർക്കുകൾ തുടങ്ങുന്നതിന്റെ അടിസ്ഥാനമെന്താണ് ? പടിയൂർ റോഡിന്റെ പണി 57–ൽ തുടങ്ങിയതാണ്. ഇപ്പോഴും മുഴുവൻ മണ്ണായി കിടക്കുകയാണ്; അത്തരം ജോലികൾ ചെയ്യാതെ പുതിയ വർക്കുകൾ എടുക്കുന്നതിന്റെ കാരണം എന്താണ് ?

ശ്രീ. പി. പി. ഉമ്മർകോയ : അതു് അടിയന്തിരാവസ്ഥ കാണുവന്ന കുഴപ്പമാണെന്നു തോന്നുന്നില്ല. മുമ്പുതുടങ്ങിയ ചില വർക്കുകൾ പല കാരണങ്ങളാലും പൂർത്തീകരിക്കാൻ വിഷമമുണ്ടായിട്ടുണ്ട്. ആവശ്യമായ ഭൂമി കിട്ടുന്നതിലുള്ള കാലതാമസം കാരണം പ്രവൃത്തി പൂർത്തിയാക്കാൻ താമസം വരുന്നുണ്ട്. ഡി. ആർ. ഡി. സ്കീമിൽ ഉൾപ്പെടുത്തിയതിനു സ്ഥലവാസികളിൽനിന്നും സ്ഥലം കിട്ടുന്നതിനു താമസം വന്നിരിക്കും. അതല്ലെങ്കിൽ ഉദ്ദേശിച്ചതിലും കൂടുതൽ ചെലവു് വരുന്നതു കാരണം എസ്റ്റിമേറ്റു് റിവൈസു് ചെയ്യേണ്ടിവന്നിരിക്കും. അങ്ങനെയുള്ള വർക്കുകൾ വേണ്ടപോലെ മുമ്പോട്ടുപോയിട്ടില്ല. ഇപ്പോഴും 800 ഓളം വർക്കുകളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നുണ്ട്. പുതിയ വർക്കുകൾ എടുത്തിട്ടുള്ളതു് വളരെ അത്യാവശ്യവും അടിയന്തിരവുമായ വർക്കുകളാണെന്നു ഞാൻ നേരത്തെ പറഞ്ഞു.

Mr. Speaker : Question No. 7 has already been answered Question No. 8.

ഇറിഗേഷൻ പദ്ധതികൾ

* 543. [8] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ, കുറ്റ്യാടി, വളപട്ടണം, കാഞ്ഞിരപ്പുഴ, കല്ലട, ചിറ്റൂർ പുഴ, എന്നീ ഇറിഗേഷൻ പദ്ധതികൾക്കു് കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞുവോ ;

(ബി) മേൽപറഞ്ഞ പദ്ധതികൾ പൂർത്തിയാവുമ്പോൾ മൊത്തം എത്ര ഏക്കർ സ്ഥലത്തിനു് അതു പ്രയോജനപ്പെടും ;

(സി) മേൽപറഞ്ഞ പദ്ധതികൾക്കു് മൊത്തം എത്ര രൂപ ചെലവു വരും ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഈ പദ്ധതികളും കേന്ദ്രാനുമതിയോടുകൂടിയാണ് മൂന്നാം പഞ്ചവൽസരപദ്ധതിയിൽ ചേർത്തിട്ടുള്ളത്. എന്നാൽ ഇവയുടെ പ്രോജക്ട് റിപ്പോർട്ടുകൾക്ക് ക്ലീയറൻസ് ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഉദ്ദേശം 2,62,800 ഏക്കറിനു്.

(സി) ഉദ്ദേശം 2599.17 ലക്ഷം രൂപാ.

മി. സ്പീക്കർ : ചോദ്യങ്ങൾ 11-ാം, 12-ാം കൂടി ഉത്തരം പറയണം.

ഇറിഗേഷൻ പദ്ധതികൾ

* 544. [11] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവണ്മെൻറ് കേരളത്തിൽ ആരംഭിക്കുവാൻ അനുവദിച്ചിട്ടുള്ള ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണു്;

(ബി) അവയിൽ ഏതെല്ലാം ആരംഭിച്ചുകഴിഞ്ഞു ;

(സി) പ്രോജക്ടുകളുടെ പുരോഗതി ഇന്നു് ഒരു അനിശ്ചിതാവസ്ഥയിൽ ആണോ ;

(ഡി) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു ;

(ഈ) ആ പദ്ധതിക്കു് എത്ര സംഖ്യയായിരുന്നു അനുവദിച്ചതു് ;

(എഫ്) ഇപ്പോൾ കൂടുതലായി വല്ല സംഖ്യയും കേന്ദ്രഗവണ്മെൻറു് തരുവാനുദ്ദേശിച്ചിട്ടുണ്ടോ ;

(ജി) ഈ പദ്ധതിയുടെ പ്രവർത്തനം മൂന്നാം പദ്ധതികാലത്തുതന്നെ ഉദ്ദേശിതപ്പെടുത്തുവാൻ സാധിക്കുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) മൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്തു് പുതുതായി ആരംഭിക്കുവാൻ അനുവദിച്ചിട്ടുള്ളതു് താഴെ പറയുന്ന 6 പദ്ധതികളാണു്.

1. കല്ലട.
2. പമ്പ.
3. കുറ്റ്യാടി.
4. ചിറ്റൂർപുഴ.
5. കാഞ്ഞിരപ്പുഴ.
6. വളപട്ടണം (പഴശ്ശി)

(ബി) എല്ലായിടത്തിന്റേയും പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു തുടർന്നു വരുന്നു.

(സി) അല്ല.

(ഡി) പ്രാരംഭജോലികൾ തുടർന്നുവരുന്നു.

(ഈ) മൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്തേക്കു് മൊത്തം 30 ലക്ഷം രൂപായും, 63-64 സാമ്പത്തികവർഷത്തിലേക്കു് 2 ലക്ഷം രൂപായും.

(എഫ്) ഇല്ല.

(ജി) സാമ്പത്തിക പരിമിതികൾക്കുള്ളിൽ കഴിയുന്നത്ര ഉദ്ദേശിതപ്പെടുത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly